**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3196** **07-10-2025 - ൽ മറുപടിയ്ക്ക്**

**റോളർ സ്കേറ്റിംഗിന് അടിസ്ഥാന സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ജില്ലയിൽ റോളർ സ്പോർട്സ് (സ്കേറ്റിംഗ്) മത്സരങ്ങൾക്കും പരിശീലനത്തിനുമായി അടിസ്ഥാന സൗകര്യം, ബാങ്ക്ഡ് ട്രാക്ക് & റോഡ് സർക്യൂട്ട് എന്നിവ നിർമ്മിക്കുന്നതിനായി കാര്യവട്ടം യുണിവേഴ്സിറ്റി ക്യാമ്പസിൽ സ്ഥലം അനുവദിച്ചതിന്റെ ഔദ്യോഗികമായ അറിയിപ്പ് യുണിവേഴ്സിറ്റി അധികൃതരിൽ നിന്നും ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്കായി കായിക വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ റോളർ സ്പോർട്സ് (സ്കേറ്റിംഗ്) മത്സരങ്ങൾക്കും പരിശീലനത്തിനുമായി അടിസ്ഥാന സൗകര്യം, ബാങ്ക്ഡ് ട്രാക്ക് & റോഡ് സർക്യൂട്ട് എന്നിവ നിർമ്മിക്കുന്നതിനായി കാര്യവട്ടം യുണിവേഴ്സിറ്റി ക്യാമ്പസിൽ സ്ഥലം അനുവദിച്ചതിന്റെ ഔദ്യോഗികമായ അറിയിപ്പ് യുണിവേഴ്സിറ്റി അധികൃതരിൽ നിന്നും ലഭ്യമായിട്ടില്ല. |
| (ബി) | ബാങ്ക്ഡ് ട്രാക്ക് & റോഡ് സർക്യൂട്ട് നിർമ്മിക്കുന്നതിനായി എത്ര ഏക്കർ സ്ഥലമാണ് ആവശ്യപ്പെട്ടിട്ടുള്ളത്; ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ബാധകമല്ല |
| (സി) | അന്താരാഷ്ട്ര നിലവാരത്തിൽ ബാങ്ക്ഡ് ട്രാക്ക് & റോഡ് സർക്യൂട്ട് നിർമ്മിക്കുന്നതിന്റെ ഭാഗമായുള്ള ഡി. പി. ആർ. തയ്യാറാക്കുന്നതിനും നിർമ്മാണത്തിനുമായി 2025-26-ലെ പ്ലാൻ ഫണ്ടിൽ നിന്നും ആവശ്യമായ തുക സ്പോർട്സ് കേരള ഫൗണ്ടേഷന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | 2025-26 വർഷത്തെ പ്ലാനിൽ ഈ പ്രൊപ്പോസൽ ഉൾപ്പെട്ടിട്ടില്ല. |
| (ഡി) | സാഹസിക കായിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി കായിക വകുപ്പ്, ഒളിമ്പിക് അസോസിയേഷൻ, കേരള സ്പോർട്സ് കൗൺസിൽ, വിനോദസഞ്ചാര വകുപ്പ് എന്നിവ സംയുക്തമായി അന്താരാഷ്ട്ര വിഴിഞ്ഞം/അനന്തപുരി സ്കേറ്റത്തോൺ ടെക്നോ പാർക്ക് ക്യാമ്പസിൽ എല്ലാ വർഷവും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ഡി) | നിലവിൽ പരിഗണനയിലില്ല. |
| (ഇ) | 2025 ജൂലൈ 19 മുതൽ 30 വരെ സൗത്ത് കൊറിയയിൽ വച്ച് നടന്ന ഇരുപതാമത് ഏഷ്യൻ | (ഇ) | കായിക മേഖലയിലെ നേട്ടങ്ങൾക്ക് പുരസ്കാരം നൽകുന്നതിന് സർക്കാർ തലത്തിൽ |

| | | | |
|---|---|---|---|
| | റോളർ സ്കേറ്റിംഗ് ചാമ്പ്യൻഷിപ്പിൽ മെഡലുകൾ ലഭിച്ച മലയാളി താരങ്ങൾക്ക് അവാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | സ്വീകരിച്ചുവരുന്ന പൊതുമാനദണ്ഡങ്ങൾ പ്രകാരം നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ